## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2726** **24-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ക്ഷേമ പദ്ധതികളുടെ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ ക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; ഓരോ ക്ഷേമ പദ്ധതികളിലും എത്ര മാസത്തെ കുടിശ്ശിക വീതമാണ് നിലവിലുള്ളത്; കണക്കുകൾ ലഭ്യമാക്കുമോ? | (എ) | പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ ക്ഷേമ പദ്ധതികൾ, ഓരോ ക്ഷേമ പദ്ധതികളിലും നിലവിലുള്ള കുടിശ്ശിക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ്<br><br>**പട്ടികവർഗ്ഗ വികസന വകുപ്പിൽ ജനനി ജന്മരക്ഷ പദ്ധതി, സിക്കിൾ സെൽ അനീമിയ പദ്ധതി, വിവാഹ ധനസഹായം പദ്ധതി, കൈത്താങ്ങ് പദ്ധതി, സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, അടിയ പണിയ പ്രത്യേക ഗോത്ര വർഗ്ഗക്കാർ-വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി, ഭക്ഷ്യ സഹായ പദ്ധതി, ഭവന പുനരുദ്ധാരണം, പിവിടിജി പദ്ധതി, വിദ്യാവാഹിനി പദ്ധതി, പഠന വിനോദ യാത്രയ്ക്കുള്ള ധനസഹായം പദ്ധതി, അയ്യങ്കാളി സ്കോളർഷിപ്പ് പദ്ധതി, പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, സമർത്ഥരായ പട്ടികവർഗ്ഗക്കാർക്കുള്ള മെറിറ്റ് അവാർഡ് സ്കോളർഷിപ്പ് പദ്ധതി, ലാപ്ടോപ് വിതരണം പദ്ധതി, മിശ്രവിവാഹ ധനസഹായം പദ്ധതി, പരമ്പരാഗത വൈദ്യന്മാർക്കുള്ള ധനസഹായം പദ്ധതി, സ്വയം തൊഴിൽ പദ്ധതികൾ, കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന വിവിധ ധനസഹായങ്ങൾ, ലാന്റ് ബാങ്ക് പദ്ധതി, പി.കെ കാളൻ കുടുംബ ക്ഷേമ പദ്ധതി, ട്രൈബൽ പ്ലസ് പദ്ധതി, ഏകവരുമാനദായകൻ ധനസഹായം പദ്ധതി, അനാഥരായ കുട്ടികൾക്കുള്ള സഹായം പദ്ധതി, വിദ്യാർത്ഥിക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി , മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഗോത്രബന്ധു പദ്ധതി, ട്രൈബൽ പ്രോമോട്ടർമാർക്കുള്ള സഹായം പദ്ധതി, വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധി പദ്ധതി, സിവിൽ സർവീസ് പരിശീലനം പദ്ധതി,** |

| | | | |
|---|---|---|---|
| | | | **അതിക്രമം തടയൽ നിയമം-1989 നടപ്പാക്കൽ, ഭവന രഹിത പട്ടിക വർഗ്ഗക്കാരുടെ ഭവന നിർമ്മാണം (ലൈഫ്) പദ്ധതി, സാമൂഹ്യ പഠനമുറി പദ്ധതി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.**<br><br>**കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന മിശ്ര വിവാഹ ധനസഹായം പദ്ധതിയിൽ 91.75 ലക്ഷം രൂപയുടെ കുടിശിക ഉണ്ട് .മറ്റു പദ്ധതികളിൽ നടപ്പു വർഷം അനുവദിക്കാനുള്ള തുക ബജറ്റിൽ ഉൾപ്പെടുത്തി നൽകിവരുന്നു.**<br><br><u>പട്ടികജാതി വികസന വകുപ്പ്</u><br><br>**പട്ടികജാതി വികസന വകുപ്പിന്റെ വിവിധ ക്ഷേമ പദ്ധതികളായ സ്വയം തൊഴിൽ പദ്ധതി, സ്വാശ്രയ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി, വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക ധനസഹായം, വിവാഹ ധനസഹായം, മിശ്രവിവാഹിതർക്ക് ധനസഹായം, ഭൂരഹിത പുനരധിവാസ പദ്ധതി, സേഫ് പദ്ധതി, ആരോഗ്യ സുരക്ഷ പദ്ധതി, ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം, ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി, ഈ പദ്ധതികളിൽ മിശ്ര വിവാഹിതർക്കുള്ള ധനസഹായ പദ്ധതി കേന്ദ്രസഹായത്തോടെയാണ് നടപ്പാക്കുന്നത്. മറ്റു പദ്ധതികളെല്ലാം കുടിശ്ശിക കൂടാതെ ബജറ്റിൽ നിന്നും തുക കണ്ടെത്തി വിതരണം ചെയ്തുവരുന്നു.** |

സെക്ഷൻ ഓഫീസർ